പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം .

23.01.2018 ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.296

## ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിന് നടപടി

| ചോദ്യം<br><br>ഡോ.എൻ. ജയരാജ്<br>ശ്രീ.റോഷി അഗസ്റ്റിൻ : | | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ജില്ലാ, താലൂക്ക് ആശുപത്രികളിലും പ്രൈമറി, ഫാമിലി ഹെൽത്ത് സെന്ററിലും നിലവിലുള്ള സ്റ്റാഫ് പാറ്റേൺ എന്ന് നിലവിൽ വന്നതാണെന്ന് വ്യക്തമാക്കുമോ; | (എ) & (ബി) | ആരോഗ്യ വകുപ്പിൽ ആശുപത്രികളുടെ ഐ.പി. വിഭാഗം, കിടക്കകളുടെ എണ്ണം മാത്രം ആസ്പദമാക്കി 1961 ൽ സ്റ്റാഫ് പാറ്റേൺ നിലവിൽ വന്നു. സ്റ്റാഫ് പാറ്റേൺ നിലവിൽ വന്ന ശേഷം ആരോഗ്യ രംഗത്ത് ആധുനികവും നൂതനവുമായ ചികിത്സാ വിഭാഗങ്ങൾ ആരംഭിക്കുകയുണ്ടായി. ടി സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച ഉത്തരവിൽ 2008 ൽ ഭേദഗതി വരുത്തിയിട്ടുള്ളതാണ്.<br><br>ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ആരോഗ്യ സ്ഥാപനങ്ങളുടെ സൗകര്യങ്ങൾ നിശ്ചിത മാനദണ്ഡങ്ങളോടെ ക്രമീകരിക്കുന്നതിനും വികസിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളും ടി സ്ഥാപനങ്ങളിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ജനസംഖ്യാ വർദ്ധനവിന് ആനുപാതികമായി പ്രസ്തുത സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിന് സമഗ്ര പാക്കേജ് നടപ്പാക്കുമോ എന്ന് വ്യക്തമാക്കാമോ; | | |
| (സി) | കാത്ത് ലാബ്, ഇ.സി.ജി, എക്സ് റേ, ആധുനിക ലാബ്, ആംബുലൻസ് എന്നീ സൗകര്യങ്ങൾ അനുവദിച്ചിട്ടുള്ള ആശുപത്രികളിൽ ഇതിനാവശ്യമായ സ്ഥിരം സ്റ്റാഫിന്റെ ലഭ്യത ഉറപ്പുവരുത്താൻ ഈ പാക്കേജിൽ നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ? | (സി) | തെരഞ്ഞെടുക്കപ്പെട്ട കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട ലബോറട്ടറി സേവനങ്ങൾ ലഭ്യമാക്കുന്നതിനായി 170 ലാബ്ടെക്നീഷ്യൻമാരുടെയും 150 ഫാർമസിസ്റ്റുമാരുടെയും തസ്തിക സൃഷ്ടിക്കുകയും കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ലാബ് ടെസ്റ്റിന്റെ സൗകര്യങ്ങൾ ഏർപ്പെടുത്തി ഇതിനാവശ്യമായ ലബോറട്ടറി ഉപകരണങ്ങൾ കെ.എം.എസ്.സി.എൽ വഴി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ